## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹനമിടാത്ത നിയമസഭാ ചോദ്യം നം: **1674** | 14-12-2012-ൽ മറുപടിക്ക്

### പാൻമസാല നിരോധനം നടപ്പാക്കുന്നതിനുള്ള നടപടി

ചോദ്യം

**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**
**ശ്രീ. എം.എ.വാഹീദ്**
**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**ശ്രീ.വി.റ്റി.ബൽറാം**

ഉത്തരം

**ഡോ. എം.കെ.മുനീർ**
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) സംസ്ഥാനത്ത് പാൻമസാല നിരോധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) നിരോധനം നടപ്പാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാൻമസാല പിടിച്ചെടുത്ത് നശിപ്പിക്കുകയോ ഫൈൻ ഈടാക്കുകയോചെയ്യുന്നു. കൂടാതെ ഇവർക്ക് നിയമനടപടി കൾ സ്വീകരിക്കാനുള്ള അധികാരവുമുണ്ട്. കച്ചവടസ്ഥാപനങ്ങളിൽ പാൻമസാല വിൽക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമസഭകളിലും അയൽക്കൂട്ടങ്ങളിലും ഇതു സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. |
| (സി) ഇതിനായി സ്കൂൾ പരിസര പ്രദേശങ്ങളിലുള്ള തദ്ദേശ സ്ഥാപനങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും, സ്കൂൾ ഹെഡ് മാസ്റ്റർ/പ്രിൻസിപ്പൽമാരും, പഞ്ചായത്ത് അംഗങ്ങളും, പി.റ്റി.എ കമ്മിറ്റി അംഗങ്ങളും അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചു വരുന്നു. |
| (ഡി) നിരോധനം കർശനമായി നടപ്പാക്കുന്നതിന് ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് പ്രവർത്തിക്കുന്നത്? | (ഡി) ഫുഡ് സേഫ്റ്റി അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ്, എക്സൈസ്, ആരോഗ്യം എന്നീ വകുപ്പുകളും സ്കൂൾ പി.റ്റി.എയും ഈ രംഗത്ത് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ